കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| NOVEMBER | 25 | 2022 |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

**സന്നിധാനത്ത് ഭക്തജനപ്രവാഹം; ഇതുവരെയെത്തിയത് നാല് ലക്ഷത്തിലധികം ഭക്തർ**

മണ്ഡലമകരവിളക്ക് മഹോത്സവം ആരംഭിച്ച് ഒൻപത് ദിവസം പിന്നിടുമ്പോൾ ശബരിമലയിൽ അയ്യപ്പഭക്തരുടെ തിരക്കേറുന്നു. വെള്ളിയാഴ്ച രാവിലെ 9 മണി വരെയുള്ള കണക്കനുസരിച്ച് നാല് ലക്ഷത്തിലധികം അയ്യപ്പഭക്തരാണ് ദർശനം നടത്തിയത്. പ്രതിദിനം അരക്ഷത്തോളം പേരാണ് ശരാശരി ദർശനം നടത്തുന്നത്. കഴിഞ്ഞ വർഷം ഈ ദിവസങ്ങളിൽ ശരാശരി പതിനായിരം പേരാണ് ദർശനം നടത്തിയിരുന്നത്. വരും ദിവസങ്ങളിൽ തിരക്ക് കൂടുമെന്നാണ് വെർച്വൽ ക്യൂ ബുക്കിംഗിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. നവംബർ 30 വരെ വെർച്വൽ ക്യൂ സംവിധാനം വഴി ആകെ 8,79,905 (എട്ട് ലക്ഷത്തി എഴുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി അഞ്ച്) പേരാണ് ബുക്കിംഗ് നടത്തിയിരിക്കുന്നത്. നവംബർ 26, 28 തിയ

തികളിലാണ് ഏറ്റവുമധികം പേർ ബുക്ക് ചെയ്തിരിക്കുന്നത്. 26 ശനിയാഴ്ച 83,769 (എൺപത്തി മൂവായിരത്തി എഴുനൂറ്റി അറുപത്തിയൊൻപത്), 28 തിങ്കൾ 81,622 (എൺപത്തിയോരായിരത്തി ആറുനൂറ്റി ഇരുപത്തിര ) എന്നിങ്ങനെയാണ് ബുക്കിംഗ്. നവംബർ 30 വരെയുള്ള ബുക്കിംഗുകളിൽ ഏറ്റവും കൂടുതൽ ഈ ദിവസങ്ങളിലാണ്. നവംബർ 21 നാണ് ഇതുവരെ ഏറ്റവുമധികം പേർ ദർശനം നടത്തിയത്- 57,663 (അൻപത്തിയേഴായിരത്തി അറുനൂറ്റി അറുപത്തി മൂന്ന്). നിലവിൽ പരമാവധി 1,20,000 ബുക്കിംഗാണ് ഒരു ദിവസം സ്വീകരിക്കുക.

## ഭക്തരുടെ എണ്ണം എത്ര കൂടിയാലും സന്നിധാനം സജ്ജം

വരുംദിവസങ്ങളിൽ സന്നിധാനത്ത് കൂടുതൽ തിരക്ക് പ്രതീക്ഷിക്കുന്നുെ ങ്കിലും മതിയായ ക്രമീകരണങ്ങളുമായി പൊലീസ് ഉൾപ്പെടെയുള്ള വകുപ്പുകൾ നേരത്തേ സജ്ജമാണ്. നിലവിലെ ക്രമീകരണങ്ങൾ അനുസരിച്ച് പ്രതിദിനം ഒന്നേകാൽ ലക്ഷം ഭക്തർ ദർശനത്തിനെത്തിയാലും യൊതൊരു ബുദ്ധിമുട്ടും ഉ ാകില്ലെന്ന് സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാർ അറിയിച്ചു. ദർശന സമയം രാവിലെയും വൈകിട്ടും വർധിപ്പിച്ചത് അയ്യപ്പദർശനം സുഗമമാക്കി. ദർശനത്തിന് വെർച്വൽ ക്യൂ സംവിധാനം നിർബന്ധമാക്കിയതിലൂടെ തിരക്ക് വിലയ തോതിൽ നിയന്ത്രിക്കാനായെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ.ശബരി- 82)

## മൊബൈൽ ടെസ്റ്റിംഗ് ലാബ് ഉൾപ്പെടെ സംവിധാനങ്ങൾ; ജാഗ്രതയോടെ ഭക്ഷ്യസുരക്ഷാ വകുപ്പ്

മണ്ഡല മകര വിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഗുണനിലവാര പരിശോധനയ്ക്ക് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുമായി സദാ ജാഗരൂകരാണ് ഭക്ഷ്യസുരക്ഷാ വകുപ്പ്. 4 സ്പെഷ്യൽ സ്ക്വാഡുകളാണ് ഭക്ഷ്യ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ പരിശോധനയ്ക്കായി രൂപീകരിച്ചിട്ടുള്ളത്. സന്നിധാനം, പമ്പ, നിലക്കൽ, ളാഹ, എരുമേലി എന്നീ സ്ഥലങ്ങളിലാണ് സ്പെഷ്യൽ സ്ക്വാഡ്. നിലക്കൽ, എരുമേലി ഭാഗങ്ങളിൽ വനിതാ ഉദ്യാഗസ്ഥരാണ് പരിശോധനയ്ക്കുള്ളത്. സന്നിധാനത്ത് ഒരു ഡെസിഗ്നേറ്റഡ് ഓഫീസറും ഒരു ഭക്ഷ്യ സുരക്ഷ ഓഫീസറും ഒരു ഓഫീസ് സ്റ്റാഫുമു ്. ഭക്ഷ്യ വസ്തുക്ക

ളുടെ പ്രാഥമിക ഗുണനിലവാരം മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കും. കൂടുതൽ പരിശോധനകൾ ആവശ്യമെങ്കിൽ പത്തനംതിട്ട ഫുഡ് ടെസ്റ്റിംഗ് ലാബിലും തിരുവനന്തപുരം സർക്കാർ അനലിറ്റിക് ലാബിലും സാമ്പിളുകൾ അയയ്ക്കും. അപ്പം, അരവണ എന്നിവയുടെ ഗുണനിലവാരം സന്നിധാനത്ത് തന്നെ പ്രവർത്തിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലാബിലാണ് പരിശോധിക്കുന്നത്. പ്രസാദാവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം പമ്പയിൽ പ്രവർത്തിക്കുന്ന ലാബിൽ പരിശോധിക്കും. അപ്പം,അരവണ പ്ലാന്റുകൾ, അന്നദാനമണ്ഡപം, ഓഫീസ് മെസ്, എന്നിവടങ്ങളിലെല്ലാം സ്ക്വാഡ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നു. എല്ലാ സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ/ലൈസൻസ് നിർബന്ധമാണ്. എഫ്.എസ്.എസ്.എ.ഐയുടെ നിർദ്ദേശം അനുസരിച്ചു ഫുഡ് സേഫ്റ്റി ട്രെയിനിങ് ആൻഡ് സർട്ടിഫിക്കേഷൻ കോഴ്സ് സർട്ടിഫിക്കറ്റ് ഒരു സ്ഥാപനത്തിൽ ഒരാൾക്കെങ്കിലും നിർബന്ധമായും ഉ ായിരിക്കണം. ഭക്തജനങ്ങൾക്ക് പരാതികൾ അറിയിക്കാനുള്ള ടോൾ ഫ്രീ നമ്പർ എല്ലാ സ്ഥാപങ്ങളിലും പ്രദർശിപ്പിച്ചിട്ടു ്. അതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘു ലേഖ എല്ലാ സ്ഥാപനങ്ങളിലും നൽകിയിട്ടു ്.

(പി.ആർ.ശബരി- 83)

**മണ്ഡല മകരവിളക്ക്: ഭക്ഷ്യസുരക്ഷാ പരിശോധന കർശനമാക്കി**

മണ്ഡല മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ പരിശോധന കർശനമാക്കി. പത്തനംതിട്ട ജില്ലാ ഭക്ഷ്യ സുരക്ഷ അസിസ്റ്റന്റ് കമ്മിഷണറുടെ പരിധിയിൽ വരുന്ന ഇവിടങ്ങളിൽ ഇതുവരെ 272 പരിശോധനകളാണ് നടത്തിയത്. 187 സാമ്പിളുകൾ ശേഖരിച്ചു. ന്യൂനതകൾ ക ത്തിയ 10 സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കാൻ നോട്ടീസ് നൽകി. 5 സ്ഥാപനങ്ങൾക്ക് മുന്നറിയിപ്പ് നോട്ടീസും നൽകി. കോട്ടയം ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മിഷണറുടെ പരിധിയിൽ വരുന്ന എരുമേലിയിൽ 149 പരിശോധനകൾ നടത്തി. 25 സാമ്പിളുകൾ ശേഖരിച്ചു. ഇത് വരെ 33 മുന്നറിയിപ്പ് നോട്ടീസുകളും ഒരു പിഴയീടാക്കൽ നോട്ടീസും നൽകി. വരും ദിവസങ്ങളിലും തുടർ പരിശോധനകൾ നടത്തുമെന്നും വരുന്ന പരാതികൾ അടിയന്തിര പ്രാധാന്യം നൽകി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

(പി.ആർ.ശബരി- 84)

**ഇന്നത്തെ ശബരിമല വിശേഷങ്ങൾ (26.11 2022)**

പുലർച്ചെ 2.30 മണിക്ക് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12.00ന് .... കളഭാഭിഷേകം
12.30ന് .... ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ.ശബരി- 85)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.